അതിനുശേഷം സുപ്രീം കോടതിയുടെ ഒരു വിധി വന്നതിന്റെ അടിസ്ഥാനത്തിൽ അതുകൂടി ചേർക്കേണ്ടിവന്നതും കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കുന്നതിലുണ്ടായ കാലതാമസവും കൊണ്ടാണ് ഈ ബിൽ വൈകിയത്. സുപ്രീം കോടതിയുടെ അവസാന വിധിയുംകൂടെ ചേർത്താണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. അതാണ് കാലതാമസമുണ്ടായത്.

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, നേരത്തെയുള്ള എന്റെ പോയിന്റ് ഓഫ് ഓർഡറിന് അങ്ങ് റൂളിംഗ് തരണം.

ശ്രീ. ഇ.പി. ജയരാജൻ: സർ, അങ്ങ് പറഞ്ഞതിനെ ധിക്കരിച്ചുകൊണ്ടും കാര്യോപദേശക സമിതിയുടെ നിർദ്ദേശങ്ങളും ലംഘിച്ചുകൊണ്ടുമല്ല ഇവിടെ അഭിപ്രായ പ്രകടനങ്ങളും നടത്തിയത്. പക്ഷേ ഇത്തരത്തിലുള്ള ഒരു നിയമം പാസ്സാക്കുമ്പോൾ ഗവൺമെന്റ് അതിൽ ആത്മാർത്ഥത കാണിക്കണമെന്നും എല്ലാവർക്കും താൽപ്പര്യമുള്ള ഒരു നിയമമായി അത് പാസ്സാക്കുന്നതിനുവേണ്ടിയുള്ള ഗഹനമായ ഒരു ചർച്ച ആവശ്യമാണെന്നും ആ കാര്യത്തിൽ ഗവൺമെന്റ് കാണിക്കുന്ന നിരുത്തരവാദപരമായ നിലപാടിനെയാണ് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പ്രതിഷേധിച്ചിട്ടുള്ളതെന്നുമുള്ള കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഭേദഗതികൾ സഭ നിരാകരിച്ചു.

1996-ലെ കേരള (പട്ടികജാതി–പട്ടികവർഗ്ഗ) ജാതി സർട്ടിഫിക്കറ്റ് നൽകൽ റഗുലേഷൻ ബിൽ.

സാമൂഹ്യസേവനം സംബന്ധിച്ച 6-ാം നമ്പർ സബ്ജക്ട് കമ്മിറ്റി ക്കയക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

XII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

മി. സ്പീക്കർ: ഒരു കാര്യം ഞാൻ പറയാം. സാധാരണ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ നറുക്കിട്ട് എടുക്കുകയാണ് ചെയ്യുന്നത്. ഈ പ്രാവശ്യം ആ കമ്മിറ്റി വളരെ ഉദാരമായി ഒരു തീരുമാനമെടുത്തു, നിലവിലുള്ള എല്ലാം അവതരിപ്പിക്കാമെന്ന്. ഞാൻ പിന്നെ ആ കീഴ്വഴക്കത്തിന്റെ തലനാരിഴയിൽ നിന്നില്ല. എല്ലാവരും 'സഹകരിച്ചാലേ പറ്റുകയുള്ളൂ. അല്ലെങ്കിൽ എടുക്കുന്നിടത്തോളം എടുത്ത് അവസാനിപ്പിക്കാം. എല്ലാവരും സഹകരിച്ച് എല്ലാം മൂവ് ചെയ്യാൽ ഒരവസരമുണ്ടാക്കണം.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഇനി 45 മിനിറ്റേ ബാക്കിയുള്ളൂ. ഏകദേശം 110 മിനിറ്റുവേണം.

(i) റിപ്പോർട്ടുപരിഗണന

ശ്രീമതി റോസക്കുട്ടി ടീച്ചർ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 38-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

സമിതിയുടെ മുപ്പത്തി എട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ഞാൻ ഈ ബില്ലിനെക്കുറിച്ച് ഒരു ഒബ്ജക്ഷൻ എഴുതി തന്നിരുന്നു. ഞാൻ പ്രസംഗിക്കുന്നില്ല. അതായത് ശ്രീ. യൂനസ് കുഞ്ഞിന്റെ പേരിലുള്ള കേരള ലാൻഡ് റിഫോം (ഭേദഗതി) ബിൽ കോൺസ്റ്റിറ്റ്യൂഷന്റെ ഒൻപതാം ഷെഡ്യൂളിന്റെ പ്രൊട്ടക്ഷനുള്ള ബില്ലാണ്. അത്തരമൊരു ബിൽ ഈ സഭയിൽ അവതരിപ്പിക്കുമ്പോൾ പ്രസിഡൻറിന്റെ അസന്റ് വേണം. അത് ഇല്ലാതെ അവതരിപ്പിക്കുന്നതിൽ പ്രയാസമുണ്ട്. മറ്റൊരു കാര്യം ലാൻഡ് റിഫോംസ് ആക്ടിന്റെ ലെജിസ്ലേറ്റീവ് ഇൻറൻഷനെ ഡിഫീറ്റുചെയ്യുന്ന ഒരു ക്ലാസ്സാണ് ചേർക്കണമെന്നു പറയുന്നത്. അതായത് ഇന്ന് എക്സസ് ലാൻറായി ഡിക്ലയർ ചെയ്തിട്ടുള്ളതുകൂടി ഉപയോഗിച്ച് ക്യാഷ്യു പ്ലാന്റേഷന്റെ പരിധി എക്സ്റ്റെൻറു ചെയ്യണമെന്നുള്ളതാണ്. അത് ഇതിനുമുമ്പ് കേരള നിയമസഭ തള്ളിക്കളഞ്ഞിട്ടുള്ളതുമാണ്. ഇക്കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

(ii) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 1996-ലെ കോഡ് ഓഫ് ക്രിമിനൽ പ്രൊസീഡ്യർ (കേരള ഭേദഗതി) ബിൽ (പ്രൊഫസർ മീനാക്ഷി തമ്പാൻ നോട്ടീസ് നൽകിയത്)

പ്രൊഫസർ മീനാക്ഷി തമ്പാൻ: സർ, 1996-ലെ കോഡ് ഓഫ് ക്രിമിനൽ പ്രൊസീഡ്യർ (കേരള ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ബില്ലിന് അവതരണാനുമതി നൽകി.

പ്രൊഫസർ മീനാക്ഷി തമ്പാൻ: സർ, 1996-ലെ കോഡ് ഓഫ് ക്രിമിനൽ പ്രൊസീഡ്യർ (കേരള ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ക്രിമിനൽ പ്രൊസീഡ്യർ കോഡിന്റെ 125-ാം വകുപ്പ് അനുവദിക്കുന്ന വിവാഹ മുക്തിക്കുള്ള ജീവനാംശം 500 രൂപയായി ലിമിറ്റു ചെയ്തിരിക്കുന്നത് മാറിയ സാഹചര്യത്തിൽ വർദ്ധിപ്പിക്കണമെന്നുള്ള ഒരു ഭേദഗതിയാണ് പ്രധാനമായും ഞാൻ കൊണ്ടുവരുന്നത്. അടുത്ത കാലത്ത് അഭിഭാഷകരുടെയും, സ്ത്രീകളുടേയും, സാർവ്വദേശീയ വനിതാദിനത്തോടനുബന്ധിച്ചും നടന്ന സമ്മേളനങ്ങളിലെല്ലാം പ്രമേയമായി അവതരിപ്പിക്കുകയും അത് പാസ്സാക്കുകയും ചെയ്തിട്ടുള്ളതാണ്. അത് ഗവൺമെൻറ് സൂപ്പോമോട്ടോ കൊണ്ടുവരേണ്ടതാണ്. പക്ഷെ അത്തരത്തിലൊരു നിർദ്ദേശം ഇതുവരെ ഉണ്ടാകാത്തതുകൊണ്ട് രണ്ടുമൂന്നു മിനിറ്റ് സംസാരിക്കാൻ അവസരം തരണം. ലാ കമ്മീഷന്റെ 132-ാമത്തെ റിപ്പോർട്ടിൽ ഇതാണ് പറയുന്നത്. Need for the amendment of.....

(ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly